Draft #2 of File 93979/AcA4/3/MA(HRM)/Syllabus Revision Approved by ASSISTANT REGISTRAR II (ACADEMIC) on 26-Aug-2021 10:32 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

MA(Human Resource Management) പ്രോഗ്രാം -2021-22 അധ്യയനവർഷം മുതലുള്ള പ്രവേശനം - പ്രവേശനപരീക്ഷ,ഗ്രൂപ്പ് ഡിസ്കഷൻ,പേർസണൽ ഇന്റർവ്യൂ എന്നിവ ഒഴിവാക്കി ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിൽ ഏകജാലക പ്രവേശന പ്രക്രിയയിലൂടെ നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 4206/AC A 4/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 27.08.2021

---

*പരാമർശം:*-1)22.06.2021 ലെ 2807/AC A 4 /2021/എം.ജി.യു.നമ്പർ സർവകലാശാല ഉത്തരവ്
2)05.07.2021 ൽ രാമപുരം കോളേജ് പ്രിൻസിപ്പൽ അയച്ച കത്ത്
3)27.07.2021 ൽ ചെയർമാൻ,BOS(മാനേജ്മെന്റ്)ന് അയച്ച 93979/ACA4/3/MA(HRM)Syllabus Revision നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2021 പ്രവേശനം മുതൽ സർവ്വകലാശാലയുടെ കീഴിലെ MHRM പ്രോഗ്രാമിനെ MA (HRM) എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് പരാമർശം (1) സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.ഈ മാറ്റത്തിനനുസൃതമായി ടി പ്രോഗ്രാമിന്റെ റെഗുലേഷൻ,സ്കീം ,സിലബസ് ഇവയിൽ മാറ്റങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകത പരാമർശം (2)പ്രകാരം രാമപുരം ,എം.എ കോളേജ് പ്രിൻസിപ്പൽ സർവകലാശാലയുടെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി ടി പ്രോഗ്രാമിന്റെ പ്രവേശനം സർവകലാശാലയുടെ ഏകജാലക സംവിധാനം(CAP)വഴി അല്ലാത്തതിനാൽ ( CAP മുഖേനയുള്ള പ്രവേശനത്തിൽ, യോഗ്യത പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് index mark കണക്കാക്കുന്നത്. എന്നാൽ ഇതിൽ നിന്നും നിന്നും വ്യത്യസ്തമായി എൻട്രൻസ് പരീക്ഷ, ഇന്റർവ്യൂ, ഗ്രൂപ്പ് ഡിസ്കഷൻ എന്നിവയുടെ അടിസ്ഥാനത്തിലാണ് നാളിതുവരെ MHRM പ്രോഗ്രാമിലേക്കുള്ള പ്രവേശനംനടത്തിവന്നിരുന്നത്)ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് ഫീസിളവും ഇ-ഗ്രാന്റ്സ് പോലുള്ള മറ്റാനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്ന പരാതിയെത്തുടർന്ന് ടി പ്രോഗ്രാമിന്റെ പ്രവേശന പ്രക്രിയ CAP വഴിയാക്കുന്നതിനു മുന്നോടിയായി ടി പ്രോഗ്രാം റെഗുലേഷനിലെ പ്രവേശനമാനദണ്ഡങ്ങളിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ് എന്നതും കണക്കിലെടുത്തുവിഷയത്തിൽ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിന്റെ അഭിപ്രായംപരാമർശം 3 പ്രകാരം തേടിയിരുന്നു .

ബി രുദാനന്തര ബിരുദ പ്രോഗ്രാമിനായുള്ള സർവകലാശാലയുടെ CAP പോർട്ടൽവഴിയുള്ള പ്രവേശനപ്രക്രിയ ആരംഭിച്ചിട്ടുള്ള അടിയന്തിര സാഹചര്യം പരിഗണിച്ച് 2021-22 അധ്യയനവർഷം മുതൽ പ്രവേശനപരീക്ഷ, ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ - എന്നിവ ഒഴിവാക്കി , ഇൻഡക്സ് മാർക്കിന്റെ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അടിസ്ഥാനത്തിൽ ,ഏകജാലക പ്രവേശന പ്രക്രിയയിലൂടെ MA(HRM) പ്രോഗ്രാമിന് പ്രവേശനം നടത്തുന്നതിന് ബഹു.വൈസ് ചാൻസിലർ, മഹാത്മാ ഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III. 10 (17) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൻജാൻ എ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വി.സി /പി.വി.സി യുടെ പി.എസ്മാർ
2.രജിസ്ട്രാറുടെ/പരീക്ഷ കൺട്രോളറുടെ പി.എമാർ
3.എ.ആർ/ഡി.ആർ/ജെ.ആർ(അക്കാദമിക്/പരീക്ഷ)
4.ബന്ധപ്പെട്ട കോളേജുകൾ
5.ഇ.ഐ III / ACC I /ACC II / CETEX സെക്ഷനുകൾ
6.CAP സെക്ഷൻ
7. കണ്ടെന്റ് മാനേജ്മെന്റ് /റെക്കോർഡ് സെക്ഷനുകൾ
8.സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 93979/AcA4/3/MA(HRM)/Syllabus Revision Approved by ASSISTANT REGISTRAR II (ACADEMIC) on 26-Aug-2021 10:32 PM - Page 2